LIBRARY ARCHIVES Kerala Legislative Assembly

ചേർത്തല ഫയർ സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങൾ

255 (259) ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ചേർത്തല ഫയർ സ്റ്റേഷനിലെ സൗകര്യക്കുറവുകളും വാഹനങ്ങൾ, രക്ഷാ ഉപകരണങ്ങൾ എന്നിവയടക്കമുള്ളവയുടെ പോരായ്മകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ ?

ഉത്തരം

ചേർത്തല നിലയത്തിലെ സ്റ്റേഷൻ കെട്ടിടത്തിന് സ്റ്റോർ പണിയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ചേർത്തല നിലയത്തിൽ നിലവിൽ മൂന്ന് എം.റ്റി.യു, ഒരു എമർജൻസി ടെണ്ടർ, ഒരു റിക്കവറി വെഹിക്കിൾ, ഒരു ആംബുലൻസ്, ഒരു ജീപ്പ് എന്നിവയാണുള്ളത്. ഇതിനുപുറമേ, ഫ്ലോട്ട് പമ്പ് - 1, ഫോൾഡിംഗ് സ്കൂച്ചർ - 3, സീറോ ടോർക്ക് നോസിൽ - 2, ഡെലിവറി ഹോസ് - 10, ചെയിൻസോ - 1, ബാറ്ററി - 1, എന്നിവ നിലവിൽ നിലയത്തിൽ ലഭ്യമാണ്. പുതുതായി വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് ചേർത്തല ഫയർ സ്റ്റേഷനിലേക്ക് അനുവദിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

ഐ.എ.എസ്/ഐ.പി.എസ്. /ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

256(260) ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഐ.എ.എസ്/ ഐ.പി.എസ്./ ഐ.എഫ്.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട് ; ബന്ധപ്പെട്ടവരുടെ പേരുൾപ്പെടെ വിശദവിവരം നൽകുമോ ;

(ബി) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന് സർക്കാർ സർവ്വീസിലെ എത്ര ഉദ്യോഗസ്ഥർ ഇപ്പോൾ വിജിലൻസ് അന്വേഷണം നേരിടുന്നു ; ഇവർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസ്സുകൾ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പന്ത്രണ്ട് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.

(ബി) നാൽപ്പത് പേർ. വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു*.

(സി) റവന്യൂ-തദ്ദേശ സ്വയംഭരണ-സഹകരണ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസുകൾ ഉണ്ടായിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.